>> മുഖക്കുറിപ്പ്

# ദയൂബന്ത് കോൺഫറൻസിന്റെ പ്രസക്തി

**കഴിഞ്ഞ** ഫെബ്രുവരി 25-ന് ദയൂബന്ത് ദാറുൽ ഉലൂമിൽ സംഘടിപ്പിക്കപ്പെട്ട മുസ്‌ലിം നേതൃ സംഗമം വിചാരിച്ചതിലേറെ വിജയിച്ചു എന്നുവേണം പറയാൻ. എൻ.ഡി.എ ഭരണകാലത്ത് ദയൂബന്തിനുമേൽ അന്യായമായി അടിച്ചേൽപിച്ച ഭീകര നിറം കഴുകികളയാനുള്ള ശ്രമമെന്ന നിലയിലാണ് സമ്മേളനം സംഘടിപ്പിക്കപ്പെട്ടതെങ്കിലും അതിലേറെ മാനങ്ങൾ കൈവരിക്കാൻ അതിനു കഴിഞ്ഞിരിക്കുന്നു. ജംഇയ്യത്തുൽ ഉലമായെ ഹിന്ദ്, ജമാഅത്തെ ഇസ്‌ലാമി, അഹ്‌ലെ ഹദീസ്, ബറേൽവി, ശീഅഃ തുടങ്ങി മിക്ക മുഖ്യധാരാ മുസ്‌ലിം സംഘടനകളിൽനിന്നുമുള്ള നാലായിരത്തോളം പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുത്തു. നേരിട്ടു പങ്കെടുക്കാൻ കഴിയാതെ പോയ പ്രമുഖ വ്യക്തികളും സംഘടന-സ്ഥാപന സാരഥികളും സന്ദേശങ്ങൾ അയച്ചുകൊണ്ട് സമ്മേളനത്തോട് ഐക്യദാർഢ്യം പ്രകടിപ്പിക്കുകയും ചെയ്തു. പരസ്പരം എതിർത്തു വരുന്നവരാണ് ഇവയിൽ പല സംഘടനകളും. ദയൂബന്തികളും ബറേൽവികളും തമ്മിലുള്ള പോരുതന്നെ സുവിദിതമാണ്. എങ്കിലും ദയൂബന്തിൽ ഈ സംഘടനകൾക്കെല്ലാം സ്നേഹവും സൗഹാർദവും പങ്കിടാനും, ശാന്തമായ അന്തരീക്ഷത്തിൽ അഭിപ്രായങ്ങൾ കൈമാറാനും കഴിഞ്ഞിരിക്കുന്നു. രണ്ടു പതിറ്റാണ്ടുമുമ്പ് മുസ്‌ലിം വ്യക്തിനിയമത്തിനെതിരെ ഉയർന്നുവന്ന വെല്ലുവിളിയെ നേരിടുന്നതിനെക്കുറിച്ചാലോചിക്കാൻ അഖിലേന്ത്യാ മുസ്‌ലിം നേതാക്കളുടെ ആഹ്വാനമനുസരിച്ച് കേരളത്തിൽ ഒത്തുകൂടിയ വിവിധ മുസ്‌ലിം സംഘടനാ നേതാക്കളോടൊപ്പം വേദി പങ്കിട്ടതാണ് കേരളത്തിലെ ഏറ്റവും വലിയ മതസംഘടനയായ സമസ്ത കേരള ജംഇയ്യത്തുൽ ഉലമ നെടുകെ പിളരാൻ കാരണമായത് എന്നോർക്കുമ്പോൾ ഇതൊരു ചെറിയ കാര്യമല്ല. ദയൂബന്ത് സമ്മേളനത്തിന്റെ ഏറ്റവും രചനാത്മകമായവശം ഇതുതന്നെയാണെന്ന് ഞങ്ങൾക്കു തോന്നുന്നു.

1964-ലാണ് സ്വതന്ത്ര ഭാരതത്തിൽ ഒന്നാമതായി ഇത്തരം ഒരു സമ്മേളനം ചേർന്നത്. അതിൽ വെച്ചാണ് മുസ്‌ലിം മജ്‌ലിസെ മുശാവറ രൂപം കൊണ്ടത്. പിന്നീട് അതുപോലുള്ള മറ്റൊരു സമ്മേളനം ചേർന്നത് പത്തുവർഷത്തിനു ശേഷം മുംബൈയിൽ മുസ്‌ലിം പേഴ്സനൽ ലോ ബോർഡ് രൂപീകരിക്കപ്പെട്ടപ്പോഴായിരുന്നു. ഈ രണ്ടു സമ്മേളനങ്ങളുടെയും സദ്ഫലങ്ങൾ കുറച്ചൊക്കെ ഇപ്പോഴും നിലനിൽക്കുന്നുണ്ട്.

ഇസ്‌ലാം എല്ലാതരം ഭീകരതക്കും എതിരാണെന്നും നിരപരാധികളെ ലക്ഷ്യമാക്കിയുള്ള ഏത് അക്രമവും നിഷിദ്ധമായ ഭീകര പ്രവർത്തനമായി കണക്കാക്കപ്പെടുമെന്നും കോൺഫറൻസ് ഏകകണ്ഠമായി പ്രഖ്യാപിച്ചത് വ്യാപകമായ ശ്രദ്ധ പിടിച്ചുപറ്റുകയുണ്ടായി. അച്ചടി-ദൃശ്യമാധ്യമങ്ങളും സോളിസൊറാബ്ജിയെ പോലുള്ള പ്രഗത്ഭമതികളും ഈ പ്രഖ്യാപനത്തെ സ്വാഗതം ചെയ്യുകയുണ്ടായി. ചില മാധ്യമങ്ങൾ ദയൂബന്ത് പ്രഖ്യാപനത്തെ അഭിനന്ദിച്ചുകൊണ്ട് മുഖപ്രസംഗങ്ങൾ എഴുതി. മറ്റുചിലത് സമ്മേളനത്തെ രചനാത്മകമായി നിരൂപണം ചെയ്തുകൊണ്ട് ലേഖനങ്ങൾ പ്രസിദ്ധീകരിച്ചു. ആ പരമ്പര ഇപ്പോഴും അവസാനിച്ചിട്ടില്ല. ഇന്ത്യൻ മുസ്‌ലിംകൾ ലോകത്തിനു നൽകിയ ഒരു ശുഭ സന്ദേശമായിട്ടാണ് ദയൂബന്ത് പ്രഖ്യാപനം പൊതുവിൽ പരിഗണിക്കപ്പെട്ടത്. ഭീകരതയുടെ പേരിൽ നിരപരാധികളായ മുസ്‌ലിംകൾ പീഡിപ്പിക്കപ്പെടുന്നതിൽ കോൺഫറൻസ് ഉത്ക്കണ്ഠ രേഖപ്പെടുത്തുകയും ചെയ്തിരുന്നു. പലരും അതിനോട് അനുഭാവം പ്രകടിപ്പിച്ചുവെങ്കിലും ചില മാധ്യമങ്ങൾ വിമർശനാത്മകമായി വിലയിരുത്തുകയുമുണ്ടായി. *ഇന്ത്യൻ എക്സ്പ്രസ്സി*ലെ തവ്‌ലീൻ സിംഗ്, സുധീന്ദ്ര കുൽക്കർണി, *നവഭാരത് ടൈംസി*ലെ ഫൈറൂസ് ബക്ത് തുടങ്ങിയവർ അക്കൂട്ടത്തിൽ പെടുന്നു.

ഭീകരതയെക്കുറിച്ചുള്ള ഇസ്‌ലാമിക കാഴ്ചപ്പാടും നിരപരാധികൾ വേട്ടയാടപ്പെടുന്നതിലുള്ള ഉൽകണ്ഠയും, മുസ്‌ലിം സംഘടനകളും നേതാക്കളും അവരവരുടെ സ്വന്തം നിലയിൽ നേരത്തെ ആവർത്തിച്ച് വ്യക്തമാക്കിക്കൊണ്ടിരുന്നതാണ്. അപ്പോഴൊക്കെ അത് ഉത്തരവാദിത്വത്തിൽനിന്ന് ഒഴിഞ്ഞുമാറാനുള്ള മുസ്‌ലിം സംഘടനകളുടെ ശ്രമമായിക്കണ്ട് അവഗണിക്കുകയായിരുന്നു സഹോദരസമുദായങ്ങളും മുഖ്യധാരാ മാധ്യമങ്ങളും. പക്ഷേ, ദയൂബന്ത് പ്രഖ്യാപനത്തെ മുസ്‌ലിം സമുദായത്തിന്റെ ശബ്ദമായി പരിഗണിച്ച് പരക്കെ ശ്രദ്ധിക്കുകയും പ്രതികരിക്കുകയും ചെയ്തിരിക്കുന്നു. സമുദായത്തിന്റെ പൊതുവായ പ്രശ്നങ്ങളിൽ ഒറ്റ തിരിഞ്ഞുള്ള പ്രവർത്തനത്തിന്റെയും കൂട്ടായ പ്രവർത്തനത്തിന്റെയും ഫലങ്ങൾ തമ്മിലുള്ള അന്തരമാണ് ഇത് സുവ്യക്തമായി ചൂണ്ടിക്കാണിച്ചു തരുന്നത്. തികഞ്ഞ അന്ധർക്കും ബധിരർക്കും മാത്രമേ കാലത്തിന്റെ ഈ ചുവരെഴുത്ത് കാണാനും കേൾക്കാനും കഴിയാതിരിക്കൂ.

ഇന്ത്യൻ മുസ്‌ലിംകളുടെ പൊതുവേദി സൃഷ്ടിച്ചുകൊണ്ട്, ദയൂബന്ത് ദാറുൽ ഉലൂം, മുസ്‌ലിം സമുദായത്തിന്റെ അന്തരാളത്തിൽ ഐക്യബോധം ഇനിയും മരിച്ചു കഴിഞ്ഞിട്ടില്ല എന്നു തെളിയിച്ചിരിക്കുകയാണ്. അതുയർത്തിയ ഐക്യത്തിന്റെയും സഹകരണത്തിന്റെയും സന്ദേശം കേവലം പ്രഭാഷണങ്ങളായി അന്തരീക്ഷത്തിൽ അലിഞ്ഞു പോകാതെ കർമപഥത്തിലേക്കു പരിവർത്തിപ്പിക്കാൻ തുടർ നടപടികളുണ്ടാകേണ്ടതുണ്ട്. ദാറുൽ ഉലൂംതന്നെ അതിനും മുന്നിട്ടിറങ്ങുമെന്ന് പ്രതീക്ഷിക്കാം.

മുസ്‌ലിംകൾക്കിടയിലെ അഭിപ്രായാന്തരങ്ങൾ മൂർഛിപ്പിക്കാനും അതുവഴി സമുദായത്തെ ശിഥിലീകരിക്കാനും ആസൂത്രിതമായ പദ്ധതികളരങ്ങേറിക്കൊണ്ടിരിക്കുന്ന സങ്കീർണമായ സാഹചര്യത്തിലാണ് ദയൂബന്ത് ഐക്യത്തിന്റെയും ഇണക്കത്തിന്റെയും ശുഭ്രപതാക ഉയർത്തിയിരിക്കുന്നത്. ഹൈദരാബാദിലെ മക്കാ മസ്ജിദിൽ സ്ഫോടനമുണ്ടായപ്പോൾ അത് 'വഹാബി ഇസ്‌ലാം' ലോകം മുഴുവൻ നടപ്പിലാക്കാനുള്ള 'വഹാബി' പദ്ധതിയുടെ ഭാഗമാണെന്നും സുഊദി അറേബ്യയിലാണ് വഹാബിസത്തിന്റെ വേരുകളെന്നും ജനങ്ങളെ വിശ്വസിപ്പിക്കാൻ പോലീസ് വകുപ്പ് തകൃതിയായി ശ്രമിക്കുകയുണ്ടായി. അജ്മീർ ദർഗയിൽ സ്ഫോടനം നടന്ന ഉടനെ, അത് സ്വൂഫിസത്തിനെതിരെ സ്വൂഫീ വിരുദ്ധ വിഭാഗം നടത്തിയ ആക്രമണമാണെന്നു പ്രസ്താവിച്ചത് കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ വക്താക്കൾ തന്നെയാണ്. വാഷിംഗ്ടണിൽനിന്നും തെൽഅവീവിൽനിന്നും വെള്ളവും വളവും വലിച്ചെടുത്തു വളരുന്ന ഇസ്‌ലാം വിരുദ്ധ ശക്തികളുടെ തന്ത്രങ്ങൾ വളരെ സൂക്ഷ്മവും സങ്കീർണവുമാണ്. ഉത്തിഷ്ഠവും ജാഗ്രത്തുമായ പ്രവർത്തനമാണ് കാലഘട്ടം മുസ്‌ലിം സമുദായത്തോടാവശ്യപ്പെടുന്നത്, അതിലേറെ ഈമാനികമായ വിവേകവും. ■